(സി) ലേലത്തിനും മറ്റും പൊതുജനങ്ങൾക്ക് ഏതുരീതിയിലാണ് പങ്കെടുക്കുവാൻ കഴിയുന്നതെന്നും ലഭിച്ച ഉത്പന്നങ്ങളെ സംബന്ധിച്ചുള്ള വിവരണം ഏതു രീതിയിലാണ് പരസ്യപ്പെടുത്തുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) മേൽനടപടികൾ സംബന്ധിച്ചുള്ള പരാതികളും അഭിപ്രായങ്ങളും ആരെയാണ് അറിയിക്കേണ്ടതെന്നും ഇതു സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ക്ഷേത്രങ്ങളിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നടയിൽ സമർപ്പിക്കപ്പെടുന്ന ശർക്കര, പഞ്ചസാര എന്നിവ ക്ഷേത്രത്തിലെ നിത്യനിദാനത്തിന് ആവശ്യമെങ്കിൽ ആയവയ്ക്ക് ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ചിട്ടുള്ള റേറ്റ് കണക്കാക്കി തുക എഴുതി ഒടുക്കുവരുത്തി ആയവ ഉപയോഗിക്കുവാൻ ചുമതലക്കാർക്ക് നിർദ്ദേശം നൽകി ഉത്തരവ് നൽകാറുണ്ട്. മറ്റുള്ള വകകൾ ലേലം ചെയ്ത് ദേവസ്വം ഫണ്ടിൽ മുതൽക്കൂട്ടുകയാണ് ചെയ്യുവരുന്നത്. നടവരവായി ലഭിക്കുന്ന സാധനങ്ങൾക്ക് ക്രമ പ്രകാരം രസീത് നൽകുകയും അവയിൽ സൂക്ഷിച്ചുവയ്ക്കുവാൻ കഴിയാത്തവ അന്ന് തന്നെ സബ് ഗ്രൂപ്പ് ഓഫീസർ ലേലം ചെയ്യുകയും തുക ദേവസ്വം ഫണ്ടിൽ ഒടുക്കു വരുത്തുകയും മറ്റുള്ളവയുടെ വിവരം അസിസ്റ്റന്റ് കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്ത് നിശ്ചിത ഇടവേളകളിൽ ലേല ഡയറി പ്രകാരം ലേലം ചെയ്ത് മുതൽക്കൂട്ടുകയുമാണ് ചെയ്യുവരുന്നത്.

(സി&ഡി) ലേല പരസ്യം പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രസിദ്ധ പ്പെടുത്തുകയും ഒരു കോപ്പിയിൽ ലേലത്തിൽ പങ്കെടുത്തവരെയെല്ലാംകൊണ്ട് ഒപ്പിടുവിക്കുകയും ചെയ്യുവരുന്നു. ഇതു സംബന്ധിച്ചുള്ള പരാതികളും അഭിപ്രായങ്ങളും ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണറെ അറിയിക്കാവുന്നതാണ്. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി അതാത് സമയത്തെ ലേല വിവരങ്ങൾ പ്രസിദ്ധപ്പെടുത്താറുണ്ട്.

"മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് രൂപീകരണം"

155(844) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയ മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസ് രൂപീകരിക്കുന്നതു സംബന്ധിച്ച് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിലുള്ള സി3/ 40905/13 നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഓഫീസ് രൂപീകരിക്കുന്നതു സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പ്രസ്തുത ഫയൽ സർക്കാരിലേക്ക് അയയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.ഐ.പി. (ആർ.ബി) സർക്കിൾ, കൊട്ടാരക്കര കാര്യാലയത്തിൽ നിന്നും ഒരു സബ് ഡിവിഷൻ മൈനർ ഇറിഗേഷൻ കടുത്തുരുത്തിയിലോട്ട് മാറ്റുന്നതിനുള്ള നടപടികൾ പ്രസ്തുത ഫയലിൽ സ്വീകരിച്ചുവരുന്നതായി ചീഫ് എഞ്ചിനീയർ (ഐ&എ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടില്ല.

ഇറിഗേഷൻ വകുപ്പിന്റെ സ്ഥലങ്ങൾ കയ്യേറ്റം

156(845) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇറിഗേഷൻ വകുപ്പിന്റെ പഴശ്ശി ഇറിഗേഷന്റെ ഭൂമി വ്യാപകമായ തോതിൽ കയ്യേറ്റം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ തിരിച്ചു പിടിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

പഴശ്ശി ഇറിഗേഷന്റെ ഭൂമിയിൽ വ്യാപകമായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ റവന്യൂ വകുപ്പിന്റെ സഹായത്തോടെ അടയാളപ്പെടുത്തി ഒഴിപ്പിക്കാനുള്ള നടപടികൾ നടത്തുന്നുണ്ട്. കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യ നടപടികൾ നടന്നുവരുന്നു. റിസർവോയർ ഏരിയയുടെ അതിർത്തി അളന്ന് കല്ലുകളും ജണ്ടുകളും സ്ഥാപിക്കുവാനും കമ്പിവേലികൾ സ്ഥാപിക്കാനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഡി.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. മെയിൻ കനാലിന്റെ ആദ്യത്തെ 5 കി. മീറ്റർ ദൂരത്തിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ തുടർന്നുവരുന്നു. ബാക്കിയുള്ള കനാൽ ഭാഗങ്ങൾ കൂടി സർവ്വേ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതോടെ കയ്യേറ്റങ്ങൾ മുഴുവനായും ഒഴിപ്പിക്കാനും തടയാനും കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly